കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 10 | ജനവരി 30 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കോടി രൂപ മുതൽമുടക്കിൽ അമ്പലപ്പുഴ മണ്ഡലത്തിൽ അഗ്രിമാൾ നിർമ്മിക്കും : കൃഷിമന്ത്രി ശ്രീ. വി പ്രസാദ്

3 ജില്ലാപഞ്ചായത്തിന് കൈമാറിയ കൃഷിവകുപ്പ് ഫാമുകളുടെ പ്രവർത്തന അവലോകനം സംഘടിപ്പിച്ചു

5 നൂതന കൃഷി രീതികൾ നടപ്പിലാക്കണം കൃഷി മന്ത്രി ശ്രീ. പി പ്രസാദ്

## റബ്ബർ ആക്ടിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനവും റബ്ബർകർഷകസമ്മേളനവും ഉദ്ഘാടനം ചെയ്തു

1947-ലെ റബ്ബർ ആക്ടിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനവും റബ്ബർ കർഷകസമ്മേളനവും കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന, ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ഇ.യു.ഡി.ആർ. (EUDR)ന് അനുസൃതമായിട്ടുള്ള പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ ഇന്ത്യൻ സസ്റ്റൈനബിൾ നാച്ചുറൽ റബ്ബറിന്റെ (iSNR) ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. നിയമസഭാംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. സ്വാഗതപ്രസംഗം നടത്തി. റബ്ബർബോർഡ് വൈസ് ചെയർമാൻ ജി. അനിൽ കുമാർ, റബ്ബർബോർഡ് അംഗം എൻ. ഹരി എന്നിവർ യോഗത്തിൽ ആശംസകൾ നേർന്നു. ഡോ. ടി. സിജു (റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ) നന്ദി പറഞ്ഞു. പ്രകൃതിദത്തറബ്ബറിന്റെ ഡിജിറ്റൽ മാർക്കറ്റിങ് പ്ലാറ്റ്ഫോമായ 'mRube'-ൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്കുള്ള അവാർഡുകളും യോഗത്തിൽ വിതരണം ചെയ്യപ്പെട്ടു.

യോഗത്തോടനുബന്ധിച്ച് നടത്തിയ സാങ്കേതിക സെഷനിൽ വിളവെട്ടാക്കാതെ കിടക്കുന്ന തോട്ടങ്ങളുടെ ഉടമകളെയും ഈ തോട്ടങ്ങൾ ഏറ്റെടുത്ത് വിളവെടുക്കാൻ താൽപര്യമുള്ള ഏജൻസികളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനെക്കുറിച്ച് ബോർഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എം.




റബ്ബർ ആക്ടിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനവും റബ്ബർ കർഷകസമ്മേളനവും കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന, ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു.

ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിനു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

വസന്തഗേശൻ സംസാരിച്ചു.

രാജ്യത്ത് ഇ.യു.ഡി.ആർ. (EUDR) നടപ്പാക്കുന്നതിനുള്ള റബ്ബർബോർഡിന്റെ സാങ്കേതികപങ്കാളിയായ 'ട്രസ്റ്റോ-1' ന്റെ ഡയറക്ടർ മനോജ് വെമ്പു, ഇന്ത്യയിൽ നിന്ന് റബ്ബർ കയറ്റുമതി ചെയ്യുന്നവർക്കാവശ്യമായ ഇ.യു.ഡി.ആർ. സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള സംവിധാനം സജ്ജമാണെന്ന് അറിയിച്ചു. ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക മേഖലകളിൽ റബ്ബറിന്റെ സ്വാധീനത്തെക്കുറിച്ച് ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ജോബി ജോസഫ് സംസാരിച്ചു.

ഉദ്ഘാടന സെഷനുശേഷം, 'പദ്ധതികളിലൂടെയും നയങ്ങളിലൂടെയും റബ്ബർകർഷകരെ കൈപിടിച്ചുയർത്തുക', 'റബ്ബറിന്റെ സുസ്ഥിര കൃഷിരീതികൾ' എന്നീ വിഷയങ്ങളെ അധികരിച്ച് പാനൽ ചർച്ചകൾ നടന്നു. കേരള റബ്ബർ ലിമിറ്റഡിന്റെ ചെയർപേഴ്സണും മാനേജിങ് ഡയറക്ടറും റബ്ബർ ബോർഡിന്റെ മുൻ ചെയർമാനുമായ ഷീല തോമസ് ഐ.എ.എസ്. (റിട്ട.), പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ മാനേജിങ് ഡയറക്ടർ ഡോ. ജെയിംസ് ജേക്കബ് എന്നിവർ പാനൽചർച്ചകളുടെ മോഡറേറ്റർമാരായിരുന്നു. ആദ്യ സെഷനിലെ പാനലിസ്റ്റുകൾ തോംസൺ ഫ്രാൻസിസ് (ജോയിന്റ് ഡയറക്ടർ, എഞ്ചിനീയറിങ്), ഡോ. വിൻസെന്റ് കെ.എ. (ഡെവലപ്മെന്റ് ഓഫീസർ), ബിനു മാത്യു (അസിസ്റ്റന്റ് ഡയറക്ടർ, ലേബർ മാനേജ്മെന്റ്), എ.ജെ. ജോസ് (ഡെവലപ്മെന്റ് ഓഫീസർ), ബി. ശ്രീകുമാർ (പബ്ലിസിറ്റി ഓഫീസർ), ചന്ദ്രലേഖ കെ. (അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ) എന്നിവരായിരുന്നു.

രണ്ടാം സെഷനിലെ പാനലിസ്റ്റുകൾ ഡോ. ഷാജി ഫിലിപ്പ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്), ഡോ. മൊഹമ്മദ് സാദിഖ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്), ഡോ. അമ്പിളി കെ.കെ. (സീനിയർ സയന്റിസ്റ്റ്) റെജു (സയന്റിസ്റ്റ്), ഡോ. ഫേബ ജോസഫ് (സയന്റിസ്റ്റ്) എന്നിവരായിരുന്നു.

1947-ലെ റബ്ബർ ആക്ടിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ് പി. പ്രസാദ് വിശദീകരിച്ചു.

2023-24 കാലയളവിൽ 'എംറൂബ്' വഴി ഏറ്റവും കൂടുതൽ വ്യാപാരം നടത്തിയവർക്കുള്ള അവാർഡുകൾ ബാൽകൃഷ്ണ ഇൻഡസ്ട്രീസ് ലിമിറ്റഡ് (ടയർ മേഖല), റബ്ഫില ഇന്റർനാഷണൽ ലിമിറ്റഡ് (ടയറിതര മേഖല), മണിമലയാർ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (റബ്ബർ ഡീലർ വിഭാഗം), ലിസ്സി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (ലാറ്റക്സ് പ്രോസസ്സിങ് മേഖല), കവണാർ ലാറ്റക്സ് ലിമിറ്റഡ് (റബ്ബർ പ്രോസസർ വിഭാഗം), ജലേബാസ റബ്ബറുത്പാദകസംഘം നോർത്ത് ത്രിപുര (വടക്കുകിഴക്കൻ മേഖലയിലെ റബ്ബറുത്പാദകസംഘങ്ങൾ), പുളിയനം റബ്ബറുത്പാദകസംഘം (വടക്കുകിഴക്കൻ മേഖല ഒഴികെയുള്ള പ്രദേശങ്ങളിലെ റബ്ബറുത്പാദകസംഘങ്ങൾ), ക്ലാസിക് ഇൻഡസ്ട്രീസ് ആന്റ് എക്സ്പോർട്ട്സ് ലിമിറ്റഡ് (ടയറിതര മേഖല) എന്നിവർക്ക് വിതരണം ചെയ്തു.

'എംറൂബ്' ലോയൽറ്റി അവാർഡുകൾ സിയെന്നാർ അസോസിയേറ്റ്സ്, സോണിയ റബ്ബേഴ്സ് എന്നിവർ നേടി. 'എംറൂബ്' ഇന്നൊവേഷൻ അവാർഡുകൾ തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, വേമ്പനാട് റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവർക്കാണ് ലഭിച്ചത്.

പരിപാടിയിൽ റബ്ബർബോർഡ് അംഗങ്ങൾ, കർഷകർ, റബ്ബർമേഖലയിൽ നിന്നുള്ള പ്രതിനിധികൾ, തൊഴിലാളികൾ, സാങ്കേതിക വിദഗ്ധർ, നയരൂപവക്താക്കർ, റബ്ബർബോർഡ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു

# കോടി രൂപ മുതൽമുടക്കിൽ അമ്പലപ്പുഴ മണ്ഡലത്തിൽ അഗ്രിമാൾ നിർമ്മിക്കും : കൃഷിമന്ത്രി ശ്രീ. വി പ്രസാദ്

കൃഷിവകുപ്പിൻ്റെ ഉടമസ്ഥതയിൽ കളർകോടുള്ള 1.5 ഏക്കർ ഭൂമിയിൽ 36 കോടി രൂപ മുതൽമുടക്കിൽ അഗ്രിമാൾ നിർമ്മിക്കുമെന്ന് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. കൃഷിവകുപ്പിന്റെ നിയന്ത്രണത്തിനുള്ള സംസ്ഥാന കീട നിരീക്ഷണ കേന്ദ്രത്തിന്റെ പുതിയ ഓഫീസ് കെട്ടിടം കളർകോടിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. 7 നിലകളിലായി നിർമ്മിക്കപ്പെടുന്ന അഗ്രിമാളിൻ്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ ജില്ലയിലെ കാർഷികമേഖലയുടെ പ്രധാന കേന്ദ്രമായി മാൾ മാറുമെന്നും മന്ത്രി പറഞ്ഞു.

മികച്ച കെട്ടിടങ്ങൾ ഉദ്യോഗസ്ഥർക്ക് മികച്ച രീതിയിൽ ജോലി ചെയ്യാനുള്ള അവസരം ഉണ്ടാക്കും. ഇതിലൂടെ മികച്ച സേവനം കർഷകർക്ക് ലഭ്യമാക്കാനാകുമെന്നും കൃഷിയിൽ ഇത് പ്രതിഫലിക്കുമെന്നും മന്ത്രി പറഞ്ഞു. ശാസ്ത്രീയമായ അറിവിനോടൊപ്പം നാട്ടറിവുകളും കൂടി സംയോജിപ്പിച്ചുള്ള ഇടപെടലാണ് കാർഷികമേഖലയിൽ ആവശ്യം. അതിനുള്ളൊരു സുപ്രധാന കേന്ദ്രമായി കീടനിരീക്ഷണ കേന്ദ്രം മാറുമെന്നും അദ്ദേഹം പറഞ്ഞു. ലോകബാങ്കിൻ്റെ സഹായത്തോടെ 2765 കോടി രൂപയുടെ പദ്ധതിയാണ് കാർഷികമേഖലയിൽ സംസ്ഥാനത്ത് നടപ്പാക്കുന്നത്. അതിൽ 500 കോടി രൂപ നെൽക്കൃഷി മേഖലയിൽ മാത്രം ചിലവഴിക്കുമെന്നും മന്ത്രി പറഞ്ഞു. കാലാവസ്ഥ വ്യതിയാനം കാർഷിക ഉത്പാദനം കുറയ്ക്കുന്നു. കർഷകർക്കുണ്ടാകുന്ന ഉൽപ്പാദനനഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷ്വറൻസ് നടപ്പാക്കിയെന്നും മന്ത്രി പറഞ്ഞു.

റീബിൽഡ് കേരള പദ്ധതിപ്രകാരം കളർകോട് അഗ്രി കോംപ്ലക്സിൽ 1.6 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച കീടനിരീക്ഷണ കേന്ദ്രത്തിന്റെ ഭാഗമായി പരിശീലന ഹാൾ, ബയോ ഇൻപുട്ട് ലാബ്, പ്ലാന്റ് ഹെൽത്ത് ക്ലിനിക് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

അമ്പലപ്പുഴ എംഎൽഎ അധ്യ



ക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ജി രാജേശ്വരി, കെ എൽ ഡി സി ചെയർമാൻ പി.വി.സത്യനേശൻ എന്നിവർ മുഖ്യാതിഥികളായിരുന്നു.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഷീബ രാകേഷ്, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സജിത സതീശൻ, കെസിപിഎം പ്രോജക്ട് ഡയറക്ടർ നിഷ പി റ്റി, ജില്ലാ പഞ്ചായത്ത് അംഗം ഗീതാ ബാബു, പ്രിൻസിപ്പൽ കൃഷി ഓഫീസർ അമ്പിളി സി, ആത്മ പ്രൊജക്റ്റ് ഡയറക്ടർ സഞ്ജു സൂസൻ മാത്യു, കെസിപിഎം കൃഷി അസിസ്റ്റൻറ് ഡയറക്ടർ എൽ.സിന്ധു, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# ജില്ലാപഞ്ചായത്തിന് കൈമാറിയ കൃഷിവകുപ്പ് ഫാമുകളുടെ പ്രവർത്തന അവലോകനം സംഘടിപ്പിച്ചു

ജില്ലാപഞ്ചായത്തിന് കൈമാറിയ കൃഷിവകുപ്പ് ഫാമുകളുടെ പ്രവർത്തന അവലോകനയോഗം കൊല്ലം ജില്ല പഞ്ചായത്ത് പ്രസിഡൻ്റ് രാജേശ്വരി യുടെ അദ്ധ്യക്ഷതയിൽ ബഹു കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം IMG യിൽ നടന്ന ചടങ്ങിൽ LSGD ഡയറക്ടർ ദിനേശൻ IAS , പ്രസസ് ബോർഡ് ഡയറക്ടർ രാജശേഖരൻ എന്നിവർ പങ്കെടുത്തു . കൃഷിവകുപ്പ് ഡയറക്ടർ മിനി ടിഡി സ്വഗതവും കൃഷി അഡിഷണൽ ഡയറക്ടർ (ഫ്രാം സ് ) തോമസ് സാമുവൽ ഫാംമകളുടെ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു . 56.4% രോഗങ്ങളുടെയും കാരണം അനാരോഗ്യകരമായ ഭക്ഷണം ആണ് എന്ന് ICAR തന്നെ പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ വിഷരഹിതവും ആര്യോഗ്യകരമായ ഭക്ഷണം ഉദ്പാദിപ്പിക്കുക എന്നതാണ് സർക്കാരിൻ്റെ കാഴ്ചപ്പാട് എന്നും മന്ത്രി അഭിപ്രായപ്പെ



ട്ടു. കൃഷി വകുപ്പിന്റെ ഫാമുകളിൽ 1794 ഹെക്ടർ കൃഷിഭൂമി ഉണ്ട് കഴിഞ്ഞ രണ്ടര വർഷം കൊണ്ട് 630 ഏക്കർ തിരിശ് ഭൂമി കൃഷി യോഗ്യമാക്കി. 39 ഫാമുകളിൽ 117 ഹെക്ടർ കൃഷി സ്ഥലത്ത് മാതൃവൃക്ഷതോട്ടം / മാതൃസസ്യ തോട്ടവും ഉണ്ടാക്കാൻ വകുപ്പിന് കഴിഞ്ഞു. '22 ഫാമുകളിൽ നിന്നുള്ള 193 ഉത്പന്നങ്ങൾ ഓൺലൈൻ വിപണന സൈറ്റുകൾ വഴി ലഭ്യമാകുന്നു, തുടങ്ങി ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചതായി മന്ത്രി അറിയിച്ചു. യോഗത്തിൽ കൊല്ലം ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് ഡോ പി കെ ഗോപൻ, ആലപ്പുഴ ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് രാജേശ്വരി, ഇടുക്കി ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് ആഷ ആൻറണി, പാലക്കാട് ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് ബിനു മോൾ മലപ്പുറം ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് റഫീഖ, കോഴിക്കോട് ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി , കണ്ണൂർ ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് രതകുമാരി , കസർകോട് ജില്ല പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ തുടങ്ങിയർ പങ്കെടുത്തു.



# ചെമ്പട്ടി ട്രൈബൽ ലൈബ്രറിയുടെ രണ്ടാം വാർഷിക – റിപ്പബ്ലിക് ദിനാഘോഷങ്ങൾ നടന്നു

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി വിജ്ഞാനവ്യാപനകേന്ദ്രത്തിന്റെ ഒപ്പം പദ്ധതിയുടെ ഭാഗമായി തുടങ്ങിയ ചെമ്പട്ടി റിസോഴ്സ് സെൻ്ററും ചെമ്പട്ടി ട്രൈബൽ ലൈബ്രറിയും സംയുക്തമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് കെ. വി. വിജേഷ് ആഘോഷപരിപാടികളും അതിനോടനുബന്ധിച്ച



നടന്ന ഫുട്ബോൾ മത്സരവും ഉദ്ഘാടനം ചെയ്തു. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, ഫുട്ബോൾ മത്സരം, ചെമ്പട്ടി ലൈബ്രറി ബാലവേദിയിലെ കുട്ടികളുടെ കലാപരിപാടികൾ, നാടൻ പാട്ട് എന്നിവയാണ് സംഘടിപ്പിച്ചത്. ലൈബ്രറി പ്രസിഡന്റ് രമേഷ് കെ. സി. ചടങ്ങിൽ അധ്യക്ഷനായിരുന്നു. സർവ്വകലാശാല റിസർച്ച് അസോസിയേറ്റ് ജിപ്സ ജഗദീഷ് സ്വാഗതവും, മണി എം. ആശംസയും,ലൈബ്രറി സെക്രട്ടറി ബവീഷ് കുമാർ നന്ദിയും പറഞ്ഞു. വാർഡ് മെമ്പർ സുജിന വി. എസ്., നേച്ചർ എഡ്യൂക്കേറ്റർ വളണ്ടിയർ സുശ്രുതൻ എന്നിവരും പരിപാടിയിൽ സന്നിഹിതരായിരുന്നു.



# നൂതന കൃഷി രീതികൾ നടപ്പിലാക്കണം കൃഷി മന്ത്രി ശ്രീ. പി പ്രസാദ്




മാറുന്ന ലോക ക്രമം അനുസരിച്ച് കൃഷിയിലും അനുബന്ധ മേഖലകളിലും അനിവാര്യമായ മാറ്റങ്ങൾ കൊണ്ടുവരണം- കൃഷിമന്ത്രി ശ്രീ. പി പ്രസാദ്. കോഴിക്കോട് ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് കാസറഗോഡ്, കണ്ണൂർ,വയനാട്, കോഴിക്കോട് ജില്ലകളിലെ കൃഷി ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ആഗോളതാപനവും പ്രകൃതി ദുരന്തങ്ങളും വന്യമൃഗങ്ങളുടെ അമിതമായകടന്നുകയറ്റവും തൊഴിലാളി ക്ഷാമവും കീട രോഗങ്ങളുടെ അമിതമായവർദ്ധനവും കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികൾ ആണ്. ഇതിനെഫലപ്രദമായി നേരിടുന്നതിനായിപരമ്പരാഗത രീതികൾ മാത്രംഅനുവർത്തിച്ചത് കൊണ്ട് കാര്യമില്ല. ഇത്തരം അവസ്ഥകളെപ്രായോഗികമായി മറികടക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യയുംനിർമ്മിത ബുദ്ധിയുടെ പ്രയോഗവും കൃഷിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്.ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതി, ജലലഭ്യത,മണ്ണ്, കാലാവസ്ഥഎന്നിവയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായിചേർന്ന് പുതിയ പ്രോജക്ടുകൾ കൃഷി ഉദ്യോഗസ്ഥർ ഉണ്ടാക്കണം. മാറുന്നലോക വ്യവസ്ഥിതിക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് കൃഷിയിൽസമഗ്രമായ മാറ്റം കൊണ്ടുവരാൻ കഴിയുന്ന പ്രോജക്ടുകളാണ് വിഭാവനംചെയ്തു നടപ്പിലാക്കേണ്ടത്. ഇതിനായി ഓരോ ജില്ലകളിലും പ്രോജക്റ്റ്ക്ലിനിക് നിലവിൽ വരും. മണ്ണ്,കാലാവസ്ഥ, ഉൽപാദന വിപണന സാധ്യതഎന്നിവ ഉൾക്കൊണ്ടുകൊണ്ട് മോഡൽ പ്രോജക്ടുകൾ പ്രോജക്റ്റ്ക്ലിനിക്കിൽ ലഭ്യമാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുംഡിപ്പാർട്ട്മെന്റുകൾക്കും നൂതനമായ പ്രോജക്ടുകൾക്കുവേണ്ടി പ്രൊജക്റ്റ്ക്ലിനിക്കിനെ ആശ്രയിക്കാവുന്നതാണ്. മോഡൽ പ്രോജക്ടുകളിൽ ആവശ്യമായമാറ്റങ്ങൾ വരുത്തി പദ്ധതി നിർവഹണം നടത്താവുന്നതാണ്.ഉൽപാദനം മുതൽ വിപണനം വരെയുള്ള എല്ലാ ഘടകങ്ങളെയും ഒരൊറ്റകുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിവഴി കൃഷിക്കൂട്ടങ്ങളുടെ രൂപീകരണവും, കൃഷിക്കൂട്ടങ്ങളുടെ കാർഷികഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി കേരളഗ്രോ എന്ന ഒരൊറ്റ ബ്രാൻഡിൽ ഉള്ള നിർമ്മാണവും കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ ) മുഖേന ഇവയുടെ വിപണനവും വിഭാവനം ചെയ്തിട്ടുണ്ട്. ഇത് ഇന്ത്യയിൽ തന്നെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മാതൃകാ പ്രവർത്തനമാണ്. മന്ത്രി പറഞ്ഞു. യുവാ



ക്കളെ കൃഷിയിലേക്ക് ആകർഷിക്കുവാൻ കഴിയണം. അതിന് അനുസൃതമായാണ് കൃഷിവകുപ്പ് മാറുന്നത്. ഓരോ കൃഷിഭവനിലും മാസത്തിൽ ഒരു തവണ എങ്കിലും കാർഷികവൃത്തിയോട് ആഭിമുഖ്യമുള്ള യുവാക്കളുടെ യോഗം ചേരണം. അവർക്ക് ആവശ്യമായ പ്രോജക്ടുകൾ കൊണ്ടുവരുകയും ആവശ്യമായ പരിശീലനം നൽകി ലാഭകരമായി കൃഷി ചെയ്യാൻ അവരെ പ്രാപ്തരാക്കുകയും വേണം.

കാർബൺ ലുലിത കൃഷിക്ക് പ്രാധാന്യം നൽകണം. അനർഹമായ ഭൂമി തരം മാറ്റം കർശനമായി നേരിടുന്നതിനായി കൃഷിയുദ്യോഗസ്ഥർ മുന്നിട്ടിറങ്ങണം. കൃഷി ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി ജോലി ചെയ്യുന്നതിനായി ഓഡിറ്റ് സംവിധാനം സുതാര്യവും ലഘുവും ആകാവുന്ന രീതിയിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷി ഉൾപ്പെടുത്തണം. പ്രോജക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള പരാതി പരിഹാരത്തിനായി ജില്ലാതലത്തിൽ ഒരു ടീം പ്രവർത്തിക്കണം.

ഉൽപാദനാനന്തര നഷ്ടം കുറയ്ക്കുന്നതിനായി കൃഷി ഉദ്യോഗസ്ഥർ ക്രിയാത്മകമായി ഇടപെടണം. ചെറുധാന്യങ്ങളുടെയും പൂക്കളുടെയും കൃഷി വ്യാപിപ്പിക്കുന്നതിനായി ശ്രദ്ധിക്കണം. ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ ശേഖരണവും വിതരണവും സമയബന്ധിതമായി നടത്തണം.

ഇ -ഓഫീസ് സംവിധാനം, കർഷക രജിസ്ട്രി, വിള ഇൻഷുറൻസ് എന്നിവയുമായി ബന്ധപ്പെട്ട ബോധവൽക്കരണം നടത്താൻ കൃഷി ഉദ്യോഗസ്ഥർ മുന്നിട്ട് ഇറങ്ങണം. ഓരോ പഞ്ചായത്തിനെയും തരിശ് രഹിത പ്രദേശമായി മാറ്റുന്നതിൽ കൃഷിയുദ്യോഗസ്ഥർക്ക് മുഖ്യമായ പങ്കാണ് വഹിക്കാനുള്ളത്. ഉൽപാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ ഓരോ ജില്ലയിലും ബി ടു ബി മീറ്റുകൾ സംഘടിപ്പിക്കുകയും വിപണന സാധ്യത ഉറപ്പുവരുത്തുകയും വേണം. ഓരോ നൂതനമായ പ്രോജക്ടുകളും നടപ്പിലാക്കുന്നതിന് മുൻപ് സൂക്ഷ്മമായ വിശകലനകളും സാധ്യത പഠനവും നടത്തേണ്ടതാണ്. മന്ത്രി അഭിപ്രായപ്പെട്ടു. കോഴിക്കോട് നൃ നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന അവലോകന യോഗത്തിൽ കൃഷി ഡയറക്ടർ (ഇൻ ചാർജ്) മീന ടി.ഡി മുഖ്യ പ്രഭാഷണം നടത്തി. കാസറഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർ രാഘവേന്ദ്ര പി, കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ പ്രദീപൻ എം എൻ, വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ രാജീവർഗീസ്, കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ രജനി മുരളീധരൻ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൈസസ് ബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ, കൃഷി അഡീഷണൽ ഡയറക്ടർമാരായ ബീന മോൾ ആന്റണി, തോമസ് സാമുവൽ, ജോയിൻ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (ഫാംസ് ) ബിന്ദു വിവേകാ ദേവി, ജോയന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ(വി. സി ) ജ്യോതി കെ. എൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു. നാല് ജില്ലകളിൽ നിന്നുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ കൃഷി ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ രജനി മുരളീധരൻ സ്വാഗതവും കൃഷി ഡെപ്യൂട്ടി ഡയറക്ടർഗീതാ കെ ജി നന്ദിയും പറഞ്ഞു.

# നെല്ല്

## ചാഴി

- 'അസാഡിറാക്റ്റിൻ-3000 ppm' a മില്ലി. ഒരു ലിന്റർ വെള്ളത്തിൽ എന്ന തയ്യാറാക്കിയ ലായനിയിൽ ഒന്നോ രണ്ടോ മില്ലി 'മാലത്തിയോൺ 50EC ചേർത്ത് തളിക്കുക. വൈകുന്നേരം സൂര്യാസ്തമനത്തിനു ശേഷം തളിക്കുന്നതാണ് ഉചിതം.



# തെങ്ങ്

## ചെന്നീരൊലിപ്പ്

- തെങ്ങിൽ വിളഞ്ഞതും മൂപ്പെത്താറായതുമായ തേങ്ങകൾ ഉണ്ടെങ്കിൽ പറിച്ചെടുക്കുക.
- രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി മുറിവിൽ ഹെക്സ കോണോസോൾ മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനി പുരട്ടുക. ഉണങ്ങിയതിനു ശേഷം ചെത്തിയ ഭാഗത്തു റബ്ബർ കോട്ട് പുരട്ടുക.
- തടത്തിൽ തെങ്ങൊന്നിന് ഇരുപത്തിയഞ്ചു ലിറ്റർ വെള്ളത്തിൽ അമ്പതു മില്ലി ഹെക്സകോണോസോൾ കലർത്തി തടത്തിൽ കുതിർക്കുക. പൂർണമായി ഭേദമാകുന്നത് വരെ ആവർത്തിക്കുക മാസാമാസം.
- തെങ്ങിൻ തടത്തിൽ കട്ടിയിൽ കുമ്മായം വിതറി മണ്ണുമായി ചേർത്തിളക്കുക.



# വാഴ

## തടതുരപ്പൻ വണ്ട്

- കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5,6,7 മാസങ്ങളിൽ കൊടുക്കുക.



# കറവ പശുക്കൾ

## ചർമ്മ മുഴ രോഗം

- കന്നുകാലികളെ ബാധിക്കുന്ന ഒരു വൈറൽ രോഗമാണ് ലംപി ത്വക്ക് രോഗം, ഇത് ചില രക്തം കുടിക്കുന്ന പ്രാണികൾ വഴി പകരുന്നു. (ഈച്ച, കൊതുക് ...) ഇത് പനിയും ചർമ്മത്തിൽ കുരുക്കളും ഉണ്ടാക്കുകയും മരണത്തിലേക്ക് നയിക്കുകയും ചെയ്യും.
- പ്രതിരോധം: ഷെഡും പരിസരവും വൃത്തിയും ശുചിത്വവുമായി സൂക്ഷിക്കുക. കന്നുകാലികളുടെ സഞ്ചാരം നിയന്ത്രിക്കുകയും വെറ്ററിനറി ഡോക്ടറുടെ നിർദേശപ്രകാരം പ്രതിരോധ കുത്തിവയ്പ്പ് നൽകുക.



# കോഴികളും വളർത്തു പക്ഷികളും

## വേനൽക്കാല രോഗങ്ങളും പിരിമുറുക്കങ്ങളും

- അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ എൽക്കാത്ത വെള്ള പെയിന്റ് മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക.ഫാൻ, ദേഹത്തു തണുത്ത വെള്ളം തളിക്കുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്. ഗ്ലൂക്കോസ്. ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ-സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക.



# ചെറുവയൽ രാമന് കാർഷിക സർവ്വകലാശാലയുടെ 'പ്രൊഫസ്സർ ഓഫ് പ്രാക്ടീസ്' പദവി



പ്രമുഖ നെൽ കർഷകനും പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷകനുമായ പത്മശ്രീ ചെറുവയൽ രാമന് കാർഷിക സർവ്വകലാശാലയുടെ 'പ്രൊഫസ്സർ ഓഫ് പ്രാക്ടീസ്' പദവി നൽകും. കാർഷിക സർവ്വകലാശാലയുടെ സ്ഥാപിത ദിനാഘോഷം ഉദ്ഘാടനം ചെയ്യവേ കൃഷി മന്ത്രിയും സർവ്വകലാശാല പ്രോ ചാൻസലറുമായ ശ്രീ. പി പ്രസാദ് ആണ് ഇക്കാര്യം അറിയിച്ചത്.അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിലും സർവ്വകലാശാലയുടെ മറ്റു ഗവേഷണ കേന്ദ്രങ്ങളിലും സ്വന്തം കൃഷിയിടത്തിലും ശ്രീ. ചെറുവയൽ രാമൻ തന്റെ അനുഭവജ്ഞാനം കർഷകർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമായി പങ്കുവെക്കുക എന്നത് ലക്ഷ്യമിട്ടാണ് ആണ് ഈ പദവി എന്നും മന്ത്രി പറഞ്ഞു. അദ്ദേഹത്തിന്റെ ആനുകൂല്യങ്ങളും മറ്റും സർവ്വകലാശാല ചട്ടങ്ങളനുസരിച്ച് തീരുമാനിക്കുമെന്നും ഒരു വർഷത്തേക്കായിരിക്കും ഈ പദവിയെന്നും മന്ത്രി പറഞ്ഞു.

കൃത്രിമവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാതെ, മണ്ണിന്റെ ജീവൻ നഷ്ടപ്പെടുത്താതെ, സ്വാഭാവികരീതിയിൽ പരമ്പരാഗത നെൽവിത്തുകളിൽ അവശേഷിക്കുന്നവയെ കണ്ടെത്തി സംരക്ഷിക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകനാണ് ചെറുവയൽ രാമൻ. ശ്രീ. ചെറുവയൽ രാമൻ ചില ബുദ്ധിമുട്ടുകൾ നേരിടുന്ന വാർത്തകൾ പുറത്തു വന്നതിനെ തുടർന്ന് മന്ത്രി ഈ വിഷയത്തിൽ ഇടപെട്ടിരുന്നു. കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ അംഗമായും ശ്രീ. ചെറുവയൽ രാമൻ പ്രവർത്തിച്ചിട്ടുണ്ട്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh